Athmaraksha.org

നമ്മൾ ദൈവത്തിനു തിരിച്ചു നൽകേണ്ടത്?

നന്മയും അനുകമ്പയും പ്രചരിപ്പിക്കുക : ഫ്രാൻസീസ് പാപ്പ

സെന്റ്പീറ്റേഴ്സ്ചത്വരത്തിൽ ഒന്നുചേർന്ന തീർത്ഥാടകർക്കും വിനോദസഞ്ചാരികൾക്കും വേണ്ടിയാണ് ഞായറാഴ്ചയിലെ ആഞ്ചലൂസ് പ്രാർത്ഥന പാപ്പാ അർപ്പിച്ചത്. വിശുദ്ധ മർക്കോസിന്റെ സുവിശേഷത്തിൽ നിന്നുള്ള വായനയാണ് പാപ്പാ ധ്യാനവിഷയമായി തിരഞ്ഞെടുത്തത്. എല്ലാവിധത്തിലുമുള്ള തിന്മകൾക്കുമെതിരെയാണ് ക്രിസ്തുവിന്റെ യുദ്ധം എന്ന് ഈ സുവിശേഷഭാഗത്തിൽ പറയുന്നു. ആത്മീയമായും ശാരീരികമായും വെല്ലുവിളികൾ നേരിടുന്നവരെ അവിടുന്ന് സൗഖ്യപ്പെടുത്തുന്നു. കുഷ്ഠരോഗിയെ സുഖപ്പെടുത്തിയതിലൂടെ ക്രിസ്തു അത്ഭുതമായ സൗഖ്യത്തെയാണ് പ്രദാനം ചെയ്തു തെന്ന് പാപ്പാ എടുത്തുപറയുകയുണ്ടായി.

"എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിക്കാൻ കഴിയുന്നതാണ് ദൈവത്തിന്റെ കാരുണ്യം. കുഷ്ഠരോഗിക്ക് സൗഖ്യം നൽകിയതിലൂടെ ക്രിസ്തു ഇക്കാര്യമാണ് വെളിപ്പെടുത്തിയത്. അവിടുത്തെ കൈകൾ കുഷ്ഠരോഗിയെ സ്പർശിച്ച് സുഖപ്പെടുത്തി. അവിടുന്ന് രോഗിയിൽനിന്ന് നിശ്ചിത അകലം പാലിച്ചല്ല പ്രവർത്തിച്ചത്. അവിടുന്ന് കപടത കാണിച്ചില്ല. നമ്മുടെ തിന്മകളെ എടുത്തുമാറ്റാനുള്ള കഴിവ് ക്രിസ്തുവിനുണ്ട്. ക്രിസ്തുവുമായുള്ള ബന്ധത്തിലൂടെയാണ് ഇത് സാധ്യമാകേണ്ടത്. വിശ്വാസത്തോടു കൂടിയ ദിവ്യകാരുണ്യം സ്വീകരിക്കുന്ന ഓരോ നിമിഷത്തിലും ഈ സൗഖ്യം സംഭവിക്കുന്നുണ്ട്. ഈ സമയം ക്രിസ്തു നമ്മെ സ്പർശിക്കുകയും അവിടുത്തെ അനുഗ്രഹം നമുക്കായി നൽകുകയും ചെയ്യുന്നു. അനുരഞ്ജനത്തിന്റെ ദിവ്യകാരുണ്യം സ്വീകരിക്കാനും പാപത്തിന്റെ കുഷ്ഠരോഗത്തിൽനിന്നും മുക്തി നേടാനുമാണ് നാം ശ്രമിക്കേണ്ടത്" പാപ്പ ആഹ്വാനം ചെയ്തു.

'വിശുദ്ധ പൗലോസ്ശ്ലീഹാ കൊറിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിൽ നാം ക്രിസ്തുവിനെ അനുകരിക്കണമെന്ന് പറഞ്ഞിരിക്കുന്നു. പാവപ്പെട്ടവനോ നിരാലംബനോ ആയ ഒരാൾ നമ്മുടെ മുന്നിൽവന്ന് നിന്നാൽ കാരുണ്യത്തോടെ അവരുടെ കണ്ണുകളി ലേയ്ക്ക് നോക്കാൻ നാം മടി കാണിക്കരുത്. അനുകമ്പയോടും കാരുണ്യത്തോടും കൂടിയാകണം അവരെ സമീപിക്കേണ്ടത്. അവരുമായി കൂടുതൽ സമ്പർക്കത്തിലാകണം. നന്മയും കാരുണ്യവും അവരിലേയ്ക്ക് പകരണം. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നെത്തിയവർക്ക് സുവിശേഷത്തിന്റെ ആശംസകൾ നൽകിയാണ് പാപ്പാ തന്റെ പ്രസം ഗം അവസാനിപ്പിച്ചത്.